**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3983 | 15.03.2017-ൽ മറുപടിക്ക്

## ദേശീയ-സംസ്ഥാന പാതകൾക്കരികിൽ സ്ഥാപിച്ച വഴിയോരം കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം വകുപ്പിന്റെ പിന്തുണയോടെ ദേശീയ-സംസ്ഥാന പാതകൾക്കരികിൽ സ്ഥാപിച്ച വഴിയോരം കേന്ദ്രങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; നിലവിൽ എത്ര കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്; | എ) വിനോദസഞ്ചാരികൾക്ക് യാത്രയിലുടനീളം മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിന് 2004-ൽ സ്വകാര്യ സംരംഭകരുടെ മുതൽ മുടക്കോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് വഴിയോരം. ഈ പദ്ധതിയിൽ 35 സംരംഭകർക്ക് ഇവ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| ബി) സർക്കാർ ഇവയുടെ പ്രവർത്തനത്തിന് സാമ്പത്തിക സഹായമോ മറ്റാനുകൂല്യങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കുന്ന സംരംഭകർക്ക് മുടക്കു മുതലിന്റെ 25% (പരമാവധി 5 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്നു. കൂടാതെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് 25% (പരമാവധി 2 ലക്ഷം രൂപ) കൂടി നൽകുന്നു. |
| സി) സ്കൂൾ-കോളേജ് തലങ്ങളിൽ ടൂറിസം ക്ലബ്ബിന്റെ പ്രോത്സാഹനത്തിന് വേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന | സി) കേരളത്തിലുടനീളം സ്കൂൾ കോളേജ് തലങ്ങളിൽ ടൂറിസം ക്ലബ്ബുകളുടെ പുനരുദ്ധാരണത്തിനും പ്രോൽസാഹനത്തിനുമായി 2013-14 സാമ്പത്തികവർഷം 30,66,000/- രൂപയും |

| | |
|---|---|
| സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമാക്കാമോ? | 2015-16 സാമ്പത്തികവർഷം 57,86,868/- രൂപയും 14 ഡി.റ്റി.പി.സി. കൾക്കായി അനുവദിച്ച നൽകിയിട്ടുണ്ട്. ഡി.റ്റി.പി.സി. കളുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂറിസം ക്ലബ്ബുകളുടെ സജീവ പ്രവർത്തനത്തിനും, ക്യാമ്പുകൾ, വിനോദ യാത്രകൾ തുടങ്ങിയവ നടത്തുന്നതിനും ഡി.റ്റി.പി.സി. കൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ